TB മൂവി പാനൽ അവതരിപ്പിക്കുന്നു

ചെമ്മീൻ

ദൃശ്യചാരുതയുടെ ചാകര

ചെമ്മീൻ എന്ന മലയാളസിനിമയോട് വൈകാരികമായ ഒരടുപ്പം ഉണ്ട്. അത് രാഷ്ട്രപതിയുടെ സ്വർണകമലം നേടിയ ദക്ഷിണേന്ത്യയിലെ ആദ്യസിനിമ എന്നത് കൊണ്ടോ, ഇന്ത്യയിലെ ഇതുവരെയുള്ള മികച്ച 100 സിനിമകളിൽ ഒന്നായത് കൊണ്ടോ മാത്രമല്ല, ചെമ്മീന്റെ പിറവിയുടെ വർഷത്തിൽ ജനിച്ച ഒരാൾ കൂടിയാണെന്നതാണ് കാരണം. എന്റെ പ്രായമുള്ള ഒരു മഹത്തായ സിനിമ.

തകഴിയുടെ മനോഹരമായ ഈ നോവൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ വായിക്കാൻ എനിക്ക് ഭാഗ്യം ഉണ്ടാക്കിത്തന്നത് എന്റെ അച്ഛൻ തന്നെ. അത് കഴിഞ്ഞ് കുറെ വർഷങ്ങൾക്ക് ശേഷമാണ് എന്റെ ഒരമ്മാവനൊപ്പം എനിക്ക് ഈ സിനിമ കാണാൻ കഴിഞ്ഞത്. മൾട്ടിപ്ലക്സോ,എന്തിന് തിയേറ്ററോ വരും മുൻപ് ഓലയും പനമ്പും കൊണ്ട് നിർമിച്ച സിനിമാകൊട്ടകയിൽ.

സിനിമക്കിടയിൽ കിട്ടുന്ന പാട്ടുപുസ്തകവും ഇന്റർവെൽ സമയത്ത് കിട്ടുന്ന ഓറഞ്ച് നിറത്തിലുള്ള കോളയും കുട്ടികളുടെ ആകർഷണമായിരുന്നു ആ കാലത്ത്. ബ്ലാക്ക് ആൻഡ് വൈറ്റിൽ നിന്നും വർണചിത്രങ്ങളിലേക്ക് സിനിമ രൂപാന്തരം പ്രാപിക്കുന്ന കാലത്താണ് എസ് എൽ പുരം സദാനന്ദന്റെ തിരക്കഥയിൽ രാമു കാര്യാട്ട് ഈ സിനിമ അണിയിച്ചൊരുക്കുന്നത്.
കണ്മണി ബാബുവായിരുന്നു നിർമാതാവ്.

കാലവും പശ്ചാത്തലവും മാറിയാലും ഇന്നും ഉരുത്തിരിയുന്ന ഒരു മനോഹരമായ, ശുഭപര്യവസായി അല്ലാത്ത ഒരു പ്രണയകഥ.

മനോഹരമായി വരഞ്ഞെടുത്ത കടൽത്തീരചിത്രങ്ങളിലൂടെ,കടൽത്തീരഫ്രെയിമുകളിലൂടെ പുറക്കാട് കടപ്പുറത്തേക്ക് മിഴി തുറക്കുന്ന ക്യാമറ (അന്നത് ചിത്രീകരിച്ചത് നാട്ടിക ആയിരുന്നെങ്കിലും കഥയിൽ പുറക്കാട് തന്നെ). മകൾ കറുത്തമ്മയെ കെട്ടിക്കുന്നതിനേക്കാൾ പ്രധാനം ഒരു വള്ളവും വലയും സ്വന്തമാക്കുക എന്ന ലക്ഷ്യത്തിന് വേണ്ടി പണം സ്വരുക്കൂട്ടുന്ന ചെമ്പൻകുഞ്ഞും ഭാര്യ ചക്കിയും, കറുത്തമ്മയും, അനുജത്തി പഞ്ചമിയും ചേർന്ന കുടുംബം, അയാളെ ഇഷ്ടപ്പെടുന്ന അച്ചൻകുഞ്ഞും അച്ചൻകുഞ്ഞിന്റ ഭാര്യ നല്ലപെണ്ണും കടപ്പുറത്ത് മീൻകച്ചവടം ചെയ്യുന്ന പരീക്കുട്ടിയും ഇവരുടെ ഇടയിലേക്ക് കടന്ന് വരുന്ന പളനി എന്ന ചെറുപ്പക്കാരനും ആണ് ഇതിലെ പ്രധാനകഥാപാത്രങ്ങൾ.

കുട്ടിക്കാലം മുതൽ ഒരുമിച്ച് വളർന്ന നാലാം വേദക്കാരനായ പരീക്കുട്ടിയോട് കറുത്തമ്മക്കുള്ള അടുപ്പം അതിര് കടക്കും എന്ന് തോന്നുമ്പോഴൊക്കെ നല്ലപെണ്ണ് പറയും "ഈ പരന്ന് കിടക്കുന്ന കടാല് ഇമ്മിണി ചീത്തയാ. മരക്കാത്തിമാര് നെറീം മൊറേമായിട്ട് നിന്നാലെകൊണ്ട് കടലമ്മ എല്ലാം തരും, അല്ലേല് തൊറ മുടിച്ചു കളയും.. "
അത് ഉൾക്കൊണ്ട് തന്നെ ജീവിക്കാൻ കറുത്തമ്മ ശ്രമിക്കുന്നുണ്ടെങ്കിലും ആ ഇഷ്ടം മുറിച്ചെറിയാൻ അവൾക്കാവുന്നില്ല.

അവരുടെ ഇടയിലേക്ക് പളനിയുടെ കടന്നുവരവും ചെമ്പൻകുഞ്ഞിന്റെ ജീവിതത്തിലെ ഉയർച്ച താഴ്ചകളും പളനിയുടെയും കറുത്തമ്മയുടെയും ജീവിതത്തിലെ സന്തോഷങ്ങളും ഇടക്ക് പരീക്കുട്ടി ഉണ്ടാക്കുന്ന അലോസരങ്ങളും ഒടുവിൽ കറുത്തമ്മയുടെ മനസ്സിന്റെ നിയന്ത്രങ്ങൾ പൊട്ടിപോകുന്നിടത്ത് കടൽ കണവനെ കൊണ്ടുപോകുന്നതും കറുത്തമ്മയും പരീക്കുട്ടിയും കടപ്പുറത്ത് മരിച്ചു കിടക്കുന്നതും ആണ് സിനിമയുടെ ചുരുക്കത്തിലുള്ള ഇതിവൃത്തം.

ടീവി പോലുള്ള മാധ്യമങ്ങൾ ഇല്ലാതിരുന്ന ആ കാലത്ത് വായനക്കപ്പുറമുള്ള ദൃശ്യസാധ്യതകൾ ഭാവന മാത്രമായിരുന്നു. അന്ന്, വായിച്ച ഒരു കഥ സിനിമയായി കണ്മുന്നിൽ ഇതൾ വിരിയുമ്പോൾ ഉള്ള കൗതുകം ആയിരുന്നു മനസ്സിലെങ്കിൽ ഇന്ന് തിരിഞ്ഞ് നോക്കുമ്പോൾ അന്നാ സിനിമ ഉണ്ടാക്കിയ മാറ്റങ്ങൾ ആണ് അത്ഭുതപ്പെടുത്തന്നത്.

അൻപത് കൊല്ലത്തിനപ്പുറം ഈ സിനിമ ചലച്ചിത്രലോകത്തിന് നൽകിയ സംഭാവനകൾ ചെറുതൊന്നുമല്ല. സാങ്കേതികമായി ഇത്രയൊന്നും പുരോഗതി ഉണ്ടായിട്ടില്ലാത്ത കാലത്ത് മനോഹരമായ ഫ്രെയിമുകളും എഡിറ്റിംഗും സംഭാവന ചെയ്ത ചിത്രമാണ് ചെമ്മീൻ. അവസാനസീനിൽ പളനി പുറം കടലിൽ സ്രാവിനോട് ഏറ്റുമുട്ടുന്നതും ചുഴിയിൽ
പെടുന്നതും ഒക്കെ ഗ്രാഫിക്സ് ഒന്നും ഇല്ലാത്ത കാലത്ത് മനോഹരമായി ചിത്രീകരിച്ച ആ സംവിധായകനെ എത്ര നമിച്ചാലും മതിയാവില്ല.

ഇന്നും മനസ്സിൽ തങ്ങി നിൽക്കുന്ന, മലയാളികൾ ആരും മൂളാൻ മറക്കാത്ത ഒരുപിടി ഗാനങ്ങളാണ് മലയാളസിനമക്ക് വയലാർ, സലിൽ ചൗധരി കൂട്ട്കെട്ട് നൽകിയത്. അതിന്റെ ചിത്രീകരണമൊക്കെ എത്ര കണ്ടാലും മതിയാവാത്ത ദൃശ്യവിരുന്നാക്കി മാറ്റാൻ രാമു കാര്യാട്ടിന് കഴിഞ്ഞു.

മാർക്കസ് ബാറ്റ്‌ലി എന്ന ഒരു ആംഗ്ലോഇന്ത്യനാണ് ഈ ചിത്രത്തിന് ക്യാമറ ചെയ്തത്. വളരെ ചിന്തിച്ചുറപ്പിച്ച ഫ്രെയിമുകൾ നൽകുന്ന ചാരുത ഇന്നും ഭംഗി ചോരാതെ നിൽക്കുന്നു. പിൽക്കാലത്ത് മികച്ച ഒരു സംവിധായകനായി മാറിയ ഹൃഷികേശ് മുഖർജി ആ ഫ്രെയിമുകളെ

ഒരു സുന്ദര കാവ്യം പോലെ കൂട്ടിയിണക്കി.

അഭിനയത്തിന്റെ ഒരു പാഠശാലയാണ് ഈ ചിത്രം. ചെമ്പൻകുഞ്ഞായി വരുന്ന കൊട്ടാരക്കര ശ്രീധരൻ നായർ എന്ത് അഭിനയമുഹൂർത്തങ്ങളാണ് കാഴ്ച്ച വച്ചത്. പണം കയ്യിൽ വന്നു ചേരുമ്പോഴുള്ള സന്തോഷവും തുറയിൽ അച്ഛനോടുള്ള വിനയവും കറുത്തമ്മയോടുള്ള ദേഷ്യവും എല്ലാം നഷ്ടപ്പെടുമ്പോഴുള്ള ഭ്രാന്തമായ അവസ്ഥയും ഒക്കെ വിസ്മയിപ്പിക്കുന്ന ഭാവങ്ങളോടെയാണ് അദ്ദേഹം സ്‌ക്രീനിൽ അവതരിപ്പിച്ചത്. ഭരത് അവാർഡ് നൽകേണ്ടിയിരുന്ന അഭിനേതാവ് ആയിരുന്നു അദ്ദേഹം എന്നാണ് പിന്നീടൊരിക്കൽ ഷീല പരിഭവം പോലെ പറഞ്ഞത്.

മധുവും ഷീലയുമൊക്കെ മികച്ച അഭിനയമാണ് കാഴ്ച്ച വച്ചതെങ്കിലും സത്യൻ ആണ് ഈ ചിത്രത്തിന്റെ മുഖമുദ്രയായി മാറിയത്. നാടകീയമായ സംഭാഷണങ്ങളും നടനവും നിറഞ്ഞു നിന്ന ഒരു കാലത്ത് അനായാസമായി സ്വാഭാവികചലനങ്ങളും സംഭാഷണങ്ങളും കൊണ്ട് ആ സിനിമയെ സമ്പന്നമാക്കിയത് ഈ അനശ്വര നടനാണ്.

ഇന്നത്തെ സിനിമ ആയിരുന്നെങ്കിൽ ഒരു മാസ്സ് എൻട്രിക്ക് ഉള്ള മുഹൂർത്തം ഒരുക്കിയാണ് സത്യൻ ഫ്രെയിമിലേക്ക് കടന്ന് വരുന്നത് തന്നെ. ആദ്യമായി ചെമ്പൻകുഞ്ഞിന്റെ വീട്ടിൽ എത്തുന്ന പളനി കറുത്തമ്മയെ ആദ്യമായി കാണുമ്പോഴും ഊണ് കഴിക്കുമ്പോഴും കറുത്തമ്മയെ വിവാഹം കഴിച്ചുകൊടുക്കാം എന്ന് പറയുമ്പോഴും മിന്നിമറയുന്ന ഭാവങ്ങൾ എന്ത് സ്വാഭാവികമായാണ് ആ നടൻ അവതരിപ്പിച്ചത്.

സ്വന്തം വീട്ടിൽ എത്തിയ ശേഷം പളനിയുടെയും കറുത്തമ്മയുടെയും ജീവിതത്തിലെ ഓരോ മുഹൂർത്തങ്ങളും വീണ്ടും വീണ്ടും കാണുമ്പോഴാണ് അതിലെ ഓരോ നിമിഷങ്ങളുടെയും വൈകാരികമായ മനോഹാരിത ബോധ്യപ്പെടുക.

തുറക്കാരെല്ലാം അപവാദം പറയുമ്പോൾ കുപിതനായി മാറുന്ന പളനി കറുത്തമ്മയോട് പ്രകടിപ്പിക്കുന്ന രോഷവും അവളുടെ കണ്ണീരിനു മുന്നിൽ നിഷ്കളങ്കത ബോധ്യമാവുമ്പോൾ കാട്ടുന്ന ഭാവമാറ്റവും വിവരണാതീതമാണ്.
ആ ഭാവമാറ്റങ്ങളിൽ ആനന്ദിച്ചും അതിശയിച്ചും വിഭ്രമിച്ചും പ്രേക്ഷകർ ഒഴുകി നീങ്ങും വിധം അത്ര കയ്യടക്കത്തോടെയാണ് സത്യൻ തന്റെ റോൾ ഭംഗിയായി നിർവഹിച്ചത്.

കൂട്ടുകാർ കടലിൽ പണിക്ക് പോകാൻ കൂട്ടാതെ ഒറ്റപ്പെടുത്തിയപ്പോൾ "എന്റെയും കൂടിയാണ് ഈ കടൽ, ഇതിവിടെ ഉള്ളടത്തോളം നമ്മൾ പട്ടിണി കിടക്കില്ല"എന്ന് ആത്മവിശ്വാസത്തോടെ കറുത്തമ്മയോട് പറഞ്ഞ് പാതിരാവിൽ പുറംകടലിൽ പണിക്ക് പോകുന്ന പളനി ആ ഫ്രെയിമിൽ ആത്മവിശ്വാസം നിറഞ്ഞ ഒരു മുക്കുവനായി മാറുന്ന

ഭാവമാറ്റം ഒരു ലോകക്ലാസ്സിക് നിലവാരത്തിലേക്കാണ് ഉയർന്ന് പൊങ്ങിയത്.

അഭിനയത്തിന്റെ രസതന്ത്രം ഇത്രക്ക് വശമായ ഒരു നടൻ സത്യനെപ്പോലെ മറ്റൊരാൾ അന്നുണ്ടായില്ല
എന്ന സത്യം സിനിമാസ്വാദകരെ ഏറെ ബോധ്യപ്പെടുത്തിയ ചിത്രമാണ് ചെമ്മീൻ.

ചെമ്മീന്റെ നാല്പതാം വർഷ ആഘോഷങ്ങൾ നാട്ടിക കടപ്പുറത്ത് ഒരുക്കിയപ്പോൾ മധുവും ഷീലയും പഞ്ചമിയായി അഭിനയിച്ച ലതാരാജുവും ഒക്കെ പങ്ക് വച്ച ഓർമ്മകൾ അന്ന് ആ താരങ്ങളും അണിയറ പ്രവർത്തകരും അനുഭവിച്ച വിഷമങ്ങളുടെയും അന്നവർക്ക് നാട്ടുകാർ നൽകിയ സ്നേഹസ്പർശങ്ങളുടെയും നേർസാക്ഷ്യങ്ങളായിരുന്നു.സത്യൻ ശരിക്കും ചുഴിയിൽ പെട്ടതും നാട്ടികയിലെ നല്ലവരായ മത്സ്യതൊഴിലാളികൾ രക്ഷക്കെത്തിയതും ഒക്കെ പറയുമ്പോൾ മധുവിന്റെ ഉള്ളിൽ അന്നത്തെ ഓർമ്മകളുടെ തിരമാലകൾ വന്ന് നിറയുകയായിരുന്നു.
അതേ വേദിയിൽ ആ സിനിമയിൽ താൻ കാഴ്ച്ച വച്ച ഏറ്റവും മനോഹരമായ മുഹൂർത്തം ഏതായിരുന്നു എന്ന ചോദ്യത്തിന് "ഈ കുഞ്ഞ് ആരുടേയാടി.. "എന്ന പളനിയുടെ ചോദ്യത്തിന് എല്ലാം ഒരു ചിരിയിൽ ഒതുക്കിയ തന്റെ മറുപടി ആയിരുന്നു എന്നാണ് ഷീല മറുമൊഴി നൽകിയത്.

സലിൽദായും വയലാറും മന്നാഡെയും കെ പി ഉദയഭാനുവും ഒക്കെ ചേർന്ന് ഒരുക്കിയ സംഗീതവിസ്മയം ഇന്ന് അനശ്വരമായി നിൽക്കുന്നതിന്റെ സന്തോഷം പങ്ക് വെക്കുമ്പോൾ അവരുടെയൊക്കെ മനസ്സ് നിറഞ്ഞ് തുളുമ്പുകയായിരുന്നു.

ഇന്ന് കാണുമ്പോഴും ഒരു പഴയ ചിത്രം എന്ന തോന്നലുണ്ടാക്കാത്ത മികച്ച ഫ്രെയിമുകൾ കൊണ്ട് സമ്പന്നമായ ചെമ്മീൻ എന്നും പുതുമയോടെ തന്നെ നിലനിൽക്കും എന്നതിൽ സംശയമില്ല.

എഴുതിയത് : Anil Unnithan